Minister for Industries (**Shri K. P. Gopalan**):

(a) The amount set apart for industrial development in the Kottayam District is Rs. 41,48,000.

(b) A statement† showing the amounts provided under each item is placed on the table of the House.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയം ഡിസ്ട്രിക്റ്റിൽ പഞ്ചവത്സര പദ്ധതിയിൽപ്പെട്ട വൻകിട വ്യവസായങ്ങളിൽ ഏതെങ്കിലും തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെ വൻകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള സ്കീമൊക്കെ ഉണ്ട്. പക്ഷെ, അതു പൂർത്തിയാക്കിയിട്ടില്ല.

ശ്രീ. എം. സി. ഏബ്രഹാം : അവിടെ ഒരു കയർഫാക്ടറി തുടങ്ങണമെന്നുള്ള ഒരു ആലോചന മുമ്പുണ്ടായിരുന്നു. ആ ആലോചന പൂർത്തിയായോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെയൊരു കയർഫാക്ടറി തുടങ്ങുവാൻ ആലോചിക്കുകയുണ്ടായി. ഇൻഡ്യാഗവണ്മെൻറും അതിനെപ്പറ്റി ആലോചിച്ചു. ഗവണ്മെൻറ് 50 ലക്ഷം രൂപ അതിലേക്കു എടുക്കണമെന്നും തീരുമാനിക്കുകയുണ്ടായി. വളരെ പ്രധാനമായ ഒരു ഫാക്ടറിയായതുകൊണ്ട് അതു് ഇവിടെ തുടങ്ങുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാനിംഗ് കമ്മീഷൻ ഈയിടെ മറ്റു സ്റ്റേറ്റുകളിൽ കയർ ഫാക്ടറികൾ തുടങ്ങാൻ ആലോചിക്കുന്നതുകൊണ്ട് കേരളത്തിൽ അതു തുടങ്ങണമോ എന്നുള്ള കാര്യം ചിന്തിച്ചുകൊണ്ടിരിക്കുകയാണു്. ആ നിലപാടു് മാറ്റാൻ എല്ലാ വശംകൂടി യോജിച്ചു പരിശ്രമിച്ചാൽ സാധിക്കും. ഗവണ്മെൻറ് അതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എസ്. കാത്തികേയൻ : ഈ ഫാക്ടറിക്കു ഷെയർ കൃഷ്ണപിള്ളൈ എത്രവരും ?

ശ്രീ. കെ. പി. ഗോപാലൻ : മൂന്നുകോടി രൂപയോളം വരും.

ശ്രീ. എം. നാരായണക്കുറുപ്പ് : കേന്ദ്രഗവണ്മെൻറു പുതിയ വ്യവസായങ്ങൾ തുടങ്ങാനോ, അതിൽ ഷെയർ കൃഷ്ണപിള്ളൈ മുടക്കാനോ സമ്മതം തരുന്നതിനു വൈമനസ്യം കാണിക്കുന്നതു് ഇവിടെ നല്ലനിലയിൽ വ്യവസായങ്ങൾ നടക്കുകയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടു് ആയിരിക്കുകയില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : ഒരിക്കലും അല്ല. മുമ്പുള്ളകാലങ്ങളിൽ ഒരുപക്ഷെ ഇവിടെ നല്ലനിലയിൽ വ്യവസായങ്ങൾ നടന്നിട്ടില്ലെങ്കിലും ഇപ്പോൾ വളരെ ലാഭകരമായവിധത്തിൽ ഇവിടത്തെ വ്യവസായങ്ങളുടെ പ്രവർത്തനം ഗവണ്മെൻറു നടത്തിക്കൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് അങ്ങനെയുള്ള യാതൊരടിസ്ഥാനത്തിലുമല്ലാ ഇൻഡ്യാഗവണ്മെൻറു സമ്മതം തരാത്തതെന്നു പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

* 1766. [13] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യവസായവകുപ്പിൽ ഡയറക്ടർ, ജോയിൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അഡ്വൈസർ, ഈ തസ്തികകളിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടു്;

(ബി) അവർ ആരെല്ലാം;

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

† Please see Appendix II.

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly